**HADIA CSE Khutba Notes (22.09.2017)**

## ഹിജ്‌റയും മസ്ജിദുകളും

പ്രവാചകന്റെ പലായനത്തിൽ നിന്ന് നിരവധി പാഠങ്ങൾ വിശ്വാസികൾക്ക് പഠിക്കാനുണ്ട്. അവയിലെ പ്രധാനപ്പെട്ട ഒന്നാണ് ഇസ്‌ലാമിക സമൂഹത്തിൽ പള്ളികൾക്കുള്ള പ്രാധാന്യവും മഹത്വവും. കാരണം, രണ്ടു പള്ളികളെയും അവയുടെ നിർമാണത്തെയും പരാമർശിക്കാതെ ഹിജ്‌റയുടെ ചരിത്രം പൂർണമാവില്ല; മസ്ജിദുൽ ഖുബായും മസ്ജിദുന്നബവിയും. ഹിജ്‌റക്കിടെ അവിടന്ന് അൽപദിവസം ഖുബാ എന്ന പ്രദേശത്ത് വിശ്രമിക്കാനിറങ്ങിയിരുന്നു. അപ്പോൾ അവിടെ നിർമിക്കപ്പെട്ട ഇസ്‌ലാമിലെ ഒന്നാമത്തെ പള്ളിയാണ് മസ്ജിദുൽ ഖുബാ. ഇതിനും ഇതിനു സഹായവും പിന്തുണയും നൽകിയവർക്കും നിരവധി മഹത്വങ്ങളുണ്ട് (തൗബ 108). പിൽകാലത്ത് മസ്ജിദുന്നബവി നിർമിക്കപ്പെട്ടെങ്കിലും തിരുമേനി(സ്വ) ഇടക്കിടെ നടന്നും വാഹനം കയറിയും ഖുബായിൽ വന്ന് നിസ്കരിക്കാറുണ്ടായിരുന്നു. സഅദു ബിൻ അബീ വഖാസ്(റ) പറയുന്നു: ഖുബാ പള്ളിയിൽ രണ്ട് റക്അത്ത് നിസ്കരിക്കുന്നത് ബൈത്തുൽ മുഖദ്ദസിലേക്ക് രണ്ട് തവണ പോകുന്നതിനെക്കാൾ പുണ്യമുള്ളതാണ് (ഫത്ഹുൽ ബാരി).

قال أبي قال رسول الله صلى الله عليه و سلم : من خرج حتى يأتي هذا المسجد مسجد قباء فصلى فيه كان له عدل عمرة (النسائي)

عَنْ مُحَمَّدِ بْنِ عَبْدِ اللَّهِ بْنِ سَلَامٍ قَالَ لَمَّا قَدِمَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَيْنَا يَعْنِي قُبَاءَ قَالَ إِنَّ اللَّهَ عَزَّ وَجَلَّ قَدْ أَثْنَى عَلَيْكُمْ فِي الطُّهُورِ خَيْرًا أَفَلَا تُخْبِرُونِي قَالَ يَعْنِي قَوْلَهُ { فِيهِ رِجَالٌ يُحِبُّونَ أَنْ يَتَطَهَّرُوا وَاللَّهُ يُحِبُّ الْمُطَّهِّرِينَ } قَالَ فَقَالُوا يَا رَسُولَ اللَّهِ إِنَّا نَجِدُهُ مَكْتُوبًا عَلَيْنَا فِي التَّوْرَاةِ الِاسْتِنْجَاءُ بِالْمَاءِ (احمد إسناده ضعيف لضعف شهر بن حوشب)

പലായനം കഴിഞ്ഞതിനുശേഷം മദീനയിൽ അവിടന്ന് ആദ്യം പണിത പള്ളിയാണ് മസ്ജിദുന്നബവി. തന്റെ ഖസ്‌വാഅ് എന്ന ഒട്ടകം ആദ്യം മുട്ടുകുത്തിയ സ്ഥലത്തായിരുന്നു ഇത്. നേരത്തെ സഹ്ല്, സുഹൈൽ എന്നീ അനാഥബാലൻമാർ കാരക്ക ഉണക്കാൻ ഉപയോഗിച്ചിരുന്നതായിരുന്നു ഇവിടം. നബി(സ്വ) പ്രസ്തുത ഭൂമി പത്തു ദീനാർ വിലകൊടുത്തു വാങ്ങി. ജനങ്ങൾ പ്രവാചകനൊപ്പം ശ്രമദാനമായി പണിതത് എന്നൊരു പ്രത്യേകത കൂടി മസ്ജിദുന്നബവിക്കുണ്ട്. നിർമാണത്തിനിടെ അവിടന്ന് സ്വഹാബത്തിനോടൊപ്പം ഈണത്തിൽ ചൊല്ലിക്കൊണ്ടിരുന്നു:

اللَّهُمَّ إِنَّ الْعَيْشَ عَيْشُ الآخِرَةِ فَاغْفِرْ لِلأَنْصَارِ وَالْمُهَاجِرَةِ
هَذَا الْحِمَالُ لَا حِمَالَ خَيْبَرَ هَذَا أَبَرُّ رَبَّنَا وَأَطْهَرْ

എന്താണ് ഇപ്പറഞ്ഞ രണ്ട് മസ്ജിദുകളുടെ നിർമാണത്തിൽ നിന്ന് മനസ്സിലാകുന്നത്? ഇസ്‌ലാമിക സമൂഹം രൂപപ്പെടുന്നതും അതിനെ കേന്ദ്രീകരിച്ച് നിർത്തുന്നതും പള്ളികളാണ്. ഇസ്‌ലാം നിലനിൽക്കുന്നതിന്റെ അടയാളമാണ് ഓരോ നാട്ടിലെയും പള്ളികളെന്ന് പറയാം.

كَانَ رَسُولُ اللهِ إِذَا بَعَثَ سَرِيَّةً ، قَالَ : إِذَا رَأَيْتُمْ مَسْجِدًا ، أَوْ سَمِعْتُمْ مُؤَذِّنًا فَلاَ تَقْتُلَنَّ أَحَدًا (نسائي)

عَنْ أَنَسِ بْنِ مَالِكٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ يُغِيرُ عِنْدَ صَلَاةِ الْفَجْرِ فَكَانَ يَسْتَمِعُ فَإِنْ سَمِعَ أَذَانًا أَمْسَكَ وَإِلَّا أَغَارَ (مسلم) قال الخطابي فيه أن الأذان شعار الإسلام وأنه لا يجوز تركه ولو أن أهل بلد اجتمعوا على تركه كان للسلطان قتالهم عليه أه (فتح الباري)

**HADIA CSE Khutba Notes (22.09.2017)**

## ഹിജ്റയും മസ്ജിദുകളും

ഭൂമിയിൽ ആദ്യം നിർമിക്കപ്പെട്ട ഭവനം പള്ളിയാണ് (ആലുഇംറാൻ 96). അബൂദർറ്(റ): ഭൂമിയിൽ ആദ്യം പണിത പള്ളി ഏതാണ് എന്ന് ഞാൻ പ്രവാചകനോട് അന്വേഷിച്ചു. അവിടന്ന് പറഞ്ഞു: മസ്ജിദുൽ ഹറാം (ബുഖാരി, മുസ്‌ലിം). ആദമാ(അ)ണ് ഇത് പണിതത്. അല്ലാഹു ആദമിനോടും ഹവ്വായോടും ഒരു ഭവനം നിർമിക്കാൻ ആവശ്യപ്പെട്ട് സ്ഥലം നിശ്ചയിച്ച് നൽകി. ആദം(അ) തറ കുഴിക്കുകയും ഹവ്വാഅ്(റ) മണ്ണ് നീക്കുകയും ചെയ്തു. കുഴിച്ച് വെള്ളം കണ്ടപ്പോൾ അല്ലാഹു നിറുത്താൻ കൽപിച്ചു. ശേഷം അതിനെ പ്രദക്ഷിണം വെക്കാൻ പറഞ്ഞു (ദലാഇലുന്നുബുവ്വ, ഫത്ഹുൽ ബാരി 1:403). ശേഷം 40 വർഷം കഴിഞ്ഞ് ആദമോ (ഇബ്നുഹിശാമിന്റെയും ഖതാദയുടെയും അഭിപ്രായ പ്രകാരം) അല്ലെങ്കിൽ അദ്ദേഹത്തിന്റെ ചില മക്കളോ (ഇബ്നുൽജൗസിസിയുടെയും ഖുർത്വുബിയുടെയും അഭിപ്രായ പ്രകാരം) മസ്ജിദുൽ അഖ്സ്വ പണിതു (ഫത്ഹുൽ ബാരി 6:409). കേരളത്തിലേക്ക് പ്രബോധനവുമായി വന്ന അനുചര സംഘം ആദ്യം ചെയ്തത് പതിനൊന്നോളം പള്ളികൾ നിർമിക്കലായിരുന്നല്ലോ. പ്രവാചകൻ എത്തുന്നതിന്റെ മുമ്പ് തന്നെ മദീനയിൽ അമ്മാർ(റ) ഒരു പള്ളി നിർമിച്ചിരുന്നു. അതുപോലെ മക്കയിലായിരിക്കുമ്പോൾ അബൂബക്കർ(റ)ന്റെ വീട്ടുമുറ്റത്തും ഒരു ചെറിയ പള്ളിയുണ്ടായിരുന്നു. തിരുമേനി(സ്വ) പറഞ്ഞു: അല്ലാഹുവിന് വേണ്ടി ആരെങ്കിലും ചെറുതോ വലുതോ ആയ ഒരു പള്ളി പണിതാൽ അല്ലാഹു അവന് സ്വർഗത്തിൽ ഒരു ഭവനം പണിയുന്നതാണ് (തുർമുദി). ഇത് പതിനെട്ടോളം സ്വഹാബത്ത് ഉദ്ദരിച്ച പ്രസക്തമായ ഹദീസാണ്. വേറൊരു രിവായത്ത്:

**عَنِ ابْنِ عَبَّاسٍ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ مَنْ بَنَى لِلَّهِ مَسْجِدًا وَلَوْ كَمَفْحَصِ قَطَاةٍ لِبَيْضِهَا بَنَى اللَّهُ لَهُ بَيْتًا فِي الْجَنَّةِ (احمد) و في ابن ماجة من بنى لله مسجدا كمفحص قطاة أو أصغر بنى الله له بيتا في الجنة.**

ഇബ്നു ഹജർ(റ) പറയുന്നു: ഒരു സംഘം ഒരുമിച്ച് ചേർന്ന് പള്ളിയെടുത്താൽ ഓരോരുത്തർക്കും അല്ലാഹു സ്വർഗത്തിൽ വീട് നൽകുന്നതാണ് (ബിഗ്‌യ 63).

പള്ളി നിർമാണം മാത്രമല്ല, അത് പ്രകാശിപ്പിക്കുക, വിപുലീകരിക്കുക, ശുചീകരിക്കുക, സൗകര്യം വർധിപ്പിക്കുക, പായ വിരിക്കുക, പരിപാലിക്കുക (ആലുഇംറാൻ 35); എല്ലാം ഏറെ പുണ്യകരമാണ്. നബി(സ്വ) പറഞ്ഞു: *മൻ അലിഫൽ മസ്ജിദ അലിഫഹുല്ലാഹ്.* അവിടന്ന് പള്ളിയിലെ പൊടികൾ ഓലത്തണ്ട് കൊണ്ട് അടിച്ചുവാരിയിരുന്നു (മുസ്വന്നഫ്).

**عَنْ مَيْمُونَةَ مَوْلاَةِ النَّبِىِّ –صلى الله عليه وسلم– أَنَّهَا قَالَتْ يَا رَسُولَ اللَّهِ أَفْتِنَا فِى بَيْتِ الْمَقْدِسِ فَقَالَ « ائْتُوهُ فَصَلُّوا فِيهِ». – وَكَانَتِ الْبِلاَدُ إِذْ ذَاكَ حَرْبًا – فَإِنْ لَمْ تَأْتُوهُ وَتُصَلُّوا فِيهِ فَابْعَثُوا بِزَيْتٍ يُسْرَجُ فِى قَنَادِيلِهِ » (ابو داود)**

**أن المسجد كان إذا جاءت العتمة يوقد فيه بسعف النخل فلما قدم تميم الدارى المدينة صحب معه قناديل وحبالا وزيتا وعلق تلك القناديل بسوارى المسجد وأوقدت فقال له رسول الله صلى الله عليه وسلم نورت مسجدنا نور الله عليك أما والله لو كان لى ابنة لأنكحتكها (السيرة الحلبية) والمستحب من بدع الأفعال تعليق القناديل فيها أى المساجد وأول من فعل ذلك عمر بن الخطاب رضى الله تعالى عنه فإنه لما جمع الناس على أبى بن كعب فى صلاة التروايح علق القناديل فلما رآها على تزهر قال نورت مساجدنا نور الله قبرك يا ابن الخطاب ولعل المراد تعليق ذلك بكثرة فلا يخالف ما تقدم عن تميم الدارى ثم رأيت فى أسد الغابة عن سراج غلام تميم الدارى قال قدمنا على رسول الله صلى الله عليه**

## ഹിജ്റയും മസ്ജിദുകളും

وسلم ونحن خمسة غلمان لتميم الدارى فأمرنى يعنى سيده فأسرجت المسجد بقنديل فيه زيت وكانوا لا يسرجون فيه إلا بسعف النخل فقال رسول الله صلى الله عليه وسلم من أسرج مسجدنا فقال تميم غلامى هذا فقال ما اسمه فقال فتح فقال رسول الله صلى الله عليه وسلم بل اسمه سراج فسمانى رسول الله صلى الله عليه وسلم سراجا (السيرة الحلبية

« مَنْ يَشْتَرِى بُقْعَةَ آلِ فُلاَنٍ بِخَيْرٍ لَهُ مِنْهَا فِى الْجَنَّةِ » (نسائي)

أبو الوليد –رحمه الله– قال : سألتُ ابنَ عُمَرَ عن الحصا الذي كان في المسجد، فقال : «إنَّا مُطِرْنا ذاتَ ليلة ، فأصبحتِ الأرضُ مُبْتَلَّة ، فجعل الرجل يجيء بالحصا في ثوبه ، فيبسطه تحته ، فلما قضى رسولُ الله –صلى الله عليه وسلم– صلاتَه قال : ما أحسن هذا !» (ابو داود)

عن أنس رضي الله عنه قال : « قال رسول الله – صلى الله عليه وسلم – : " عرضت علي أجور أمتي حتى القذاة يخرجها الرجل من المسجد ، وعرضت علي ذنوب أمتي فلم أر ذنبا أعظم من سورة من القرآن أو آية أؤتيها رجل ثم نسيها » رواه أبو داود.

ചുരുക്കത്തിൽ പള്ളികളുമായി നാം ഹൃദയബന്ധം സ്ഥാപിക്കുക. മൂന്നാലൊരു സ്ഥലത്തല്ലാതെ വിശ്വാസിയെ കാണാൻ പാടില്ലെന്ന് പ്രവാചകൻ(സ്വ) പഠിപ്പിക്കുന്നു: വീട്, ജോലി സ്ഥലം, പള്ളി.

عَنْ أَنَسِ بْنِ مَالِكٍ قَالَ قَالَ رَسُولُ اللَّهِ –صلى الله عليه وسلم– :« إِنَّ عُمَّارَ بُيُوتِ اللَّهِ هُمْ أَهْلُ اللَّهِ عَزَّ وَجَلَّ » (بيهقي)

عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ إِذَا رَأَيْتُمْ الرَّجُلَ يَعْتَادُ الْمَسْجِدَ فَاشْهَدُوا لَهُ بِالْإِيمَانِ فَإِنَّ اللَّهَ قَالَ { إِنَّمَا يَعْمُرُ مَسَاجِدَ اللَّهِ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ } (احمد) عَنْ أَبِي عُثْمَانَ النَّهْدِيِّ، قَالَ: كَتَبَ سَلْمَانُ إِلَى أَبِي الدَّرْدَاءِ، يَا أَخِي لِيَكُنْ بَيْتُكَ الْمَسْجِدَ فَإِنِّي سَمِعْتُ رَسُولَ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: " الْمَسْجِدُ بَيْتُ كُلِّ تَقِيٍّ وَقَدْ ضَمِنَ اللهُ عَزَّ وَجَلَّ لِمَنْ كَانَت الْمَسَاجِدُ بَيُوتَهُم بالرَّوْحِ، وَالرَّاحَةِ، وَالْجَوَازِ عَلَى الصِّرَاطِ إِلَى رِضْوَانِ اللهِ عَزَّ وَجَلَّ " (بيهقي)

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in,www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/